No. of Printed Pages : 5 **FML-01**

**BACHELOR'S DEGREE PROGRAMME (BDP)**
**Term-End Examination**
**June, 2026**

**FML-01 : FOUNDATION COURSE IN MALAYALAM**

*Duration : 2 Hours* *Maximum Marks: 50*

പ്രിൻറ് ചെയ്ത പേജുകളുടെ എണ്ണം: 5 **FML-01**

ബാച്ചിലേഴ്സ് ഡിഗ്രി പ്രോഗ്രാം (ബിഡിപി)
**ടേം-അവസാന പരീക്ഷ**

ജൂണ് - 2026

**FML-01:** ഫൗണ്ടേഷൻ കോഴ്സ് ഇൻ മലയാളം

*സമയം: 2 മണിക്കൂർ* പരമാവധി മാർക്ക്: *50*

---

നിർദേശങ്ങൾ:

1. ചോദ്യം 1: രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പത്ത് മാർക്ക് വീതം.
2. ചോദ്യം 2: മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോ ഉത്തരത്തിനും 5 മാർക്ക് വീതം.
3. ചോദ്യം 3: വിവർത്തനം. ചോയ്സ് ഇല്ല. 5 മാർക്ക്
4. ചോദ്യം 4: ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോ ഉത്തരത്തിനും 1 മാർക്ക് വീതം.

1. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉപന്യാസം രീതിയിൽ ഉത്തരമെഴുതുക. ഏതെങ്കിലും രണ്ട് എണ്ണം മാത്രം. 2x10=20

(a) കശേരു മൃഗങ്ങളുടെയും അകശേരു മൃഗങ്ങളുടെയും രൂപാകൃതിയെയും സ്വഭാവ വ്യത്യാസങ്ങളെയും പ്രതിപാദിക്കുന്ന ഒരു ഉപന്യാസം തയ്യാറാക്കുക. അവയുടെ പരിണാമങ്ങളെക്കുറിച്ചും സ്പർശിക്കുക.

(b) മേലാൾക്കു പൂംപട്ടു കിടയ്ക്ക തുന്നി -

ക്കൂട്ടുന്നതിന്നാരുടെ കൈ കഴച്ചു

ഏതോ മരത്തിൻ പൊളിയാണവനു

കിടച്ച താഹന്ത കിടന്നു ചാവാൻ!

മേൽ ഉദ്ധരിച്ച വരികളെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

(c) അനുപ്രയോഗങ്ങൾ എന്നാലെന്ത്? അനുപ്രയോഗങ്ങളെ എങ്ങനെ വർഗ്ഗീകരിക്കാം. ഉദാഹരണ സഹിതം വിവരിക്കുക.

(d) കത്തുകൾ എത്ര തരത്തിലുണ്ട്. ഓരോ കത്തിന്റെ ധർമ്മവും രൂപവും

പ്രതിപാദ്യം വിവരിച്ചു കൊണ്ട് ഒരു ഉപന്യാസം തയ്യാറാക്കുക.

(e) ഒരു ചെറുകഥയോ നോവലോ ശ്രദ്ധേയം ആകുന്നത് ഇതിവൃത്ത ഘടന കൊണ്ടാണോ പാത്രസൃഷ്ടി കൊണ്ടാണോ. "പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി" എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക.

2. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും മൂന്ന് ഉത്തരമെഴുതുക. 3x5=15

(a) മലയാളത്തിലെ ക്രിയാ വിശേഷണങ്ങളെ അടിസ്ഥാനമാക്കി ഒരു കുറിപ്പ് തയ്യാറാക്കുക.

(b) നാടകത്തിന്റെ ഘടകങ്ങൾ ഏതെല്ലാം? വിവരിക്കുക

(c) പുഷ്പങ്ങളുടെ നിറത്തിന് അടിസ്ഥാനമായ വർണ്ണങ്ങൾ ഏതെല്ലാമാണെന്ന് വിവരിക്കുക

(d) ചാവേർ പടകളുടെ ഉത്ഭവവും വളർച്ചയും പ്രതിപാദിക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കുക.

(e) നല്ലൊരു ഉപന്യാസം എങ്ങനെ രചിക്കാമെന്ന് നിങ്ങൾ വിലയിരുത്തുക. ഉപന്യാസം ഭാഗം രചിച്ചിട്ടുള്ള ഡോ. കെ. ഭാസ്കരൻ നായരുടെ ശാസ്ത്ര വീക്ഷണത്തിന്റെ ചരിത്രം എന്ന ലേഖനത്തെ അടിസ്ഥാനമാക്കി രചിക്കുക.

3. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക. 5

For a long time the education system in India followed a monistic policy where the colonial education policy makers ignored the heterogeneous nature of the language situation in India. Post-independence, there has been an increasing emphasis on education in mother tongue. Although it has possible to implement this policy at the school level, English is the primary medium of instructions in higher education in India. And, almost all the books prescribed in colleges and universities are available in English and therefore there is an urgent need to translate material in all fields like literary, technical, scientific, business

etc., so that such material is accessible to a wide range of population across the country speaking different languages. It is also important to create space for the large number of indigenous languages in the education systems.

4. താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരത്തിനും ഒരു മാർക്ക് വീതം. 10x1=10

(a) (i) പ്രകൃതിയും പ്രത്യയവും തമ്മിലുള്ള വ്യത്യാസമെന്ത്? ഉദാഹരണ സഹിതം എഴുതുക

(ii) "സാമ്പത്തിക മാന്ദ്യം" എന്നാൽ എന്താണ്?

(iii) വരാന്ത എന്ന് മലയാളത്തിൽ നമ്മൾ ഉപയോഗിക്കുന്ന പദം ഏത് ഭാഷയിൽ നിന്നാണ്?

(iv) കേസരി ബാലകൃഷ്ണ പിള്ളയുടെ പ്രേരണയിൽ പിൽക്കാലത്ത് പ്രസിദ്ധനായ നോവലിസ്റ്റ് ആരാണ്?

(v) കവിത്രയം എന്ന് ആധുനിക മലയാള സാഹിത്യത്തിൽ കുറിക്കുന്നത് ആരൊക്കെയാണ്?

(b) പൂരിപ്പിക്കുക

(i) സസ്തനങ്ങൾ ____രക്തമുള്ള ജീവികളാണ്.

(ii) മലയാള ഭാഷയിൽ _______ വചനങ്ങളെ ഉള്ളൂ

(iii) തകഴി ശിവശങ്കരപ്പിള്ളയുടെ _______ നോവലാണ് വെള്ളിത്തിരയിൽ പ്രസിഡന്റിന്റെ സ്വർണ്ണപ്പതക്കം നേടിയത്.

(iv) വാക്യത്തിൽ നാമത്തിന് ക്രിയയോടുള്ള ബന്ധം കാണിക്കുന്നത് _______ ആണ്.

(v) വേണമെങ്കിൽ ചക്ക വേരിലും _______